**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3244** — **13-07-2022 - ൽ മറുപടിയ്ക്ക്**

**വില്ലേജ് ഓഫീസുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് താലൂക്കിലെ കുറ്റിക്കാട്ടൂർ, പെരുവയൽ എന്നീ വില്ലേജ് ഓഫീസുകൾക്ക് കെട്ടിടം നിർമ്മിക്കാൻ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; | (എ) | സ്ഥലം കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | കുറ്റിക്കാട്ടൂർ, പെരുവയൽ എന്നീ സ്ഥലങ്ങളിൽ സർക്കാർ ഉടമസ്ഥതയിൽ സ്ഥലം ലഭ്യമായിട്ടും വില്ലേജ് ഓഫീസുകൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കാൻ എന്തെല്ലാം തടസ്സങ്ങളാണ് നിലനിൽക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) | പെരുവയൽ വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിന് പെരുവയൽ പഞ്ചായത്തിന്റെ ഭൂമിയാണ് കണ്ടെത്തിയിട്ടുള്ളത്. രണ്ട് സേവന വകുപ്പുകൾ തമ്മിൽ മാത്രമെ ഭൂമി കൈമാറ്റം നടത്താൻ പാടുള്ളൂ എന്ന വ്യവസ്ഥ നിലവിലുള്ളതിനാൽ പഞ്ചായത്തിന്റെ അധീനതയിലുള്ള പ്രസ്തുത ഭൂമി വിട്ടൊഴിഞ്ഞ് റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി കോഴിക്കോട് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ കുറ്റിക്കാട്ടൂർ വില്ലേജ് ഓഫീസ് നിർമ്മാണത്തിന് പൊതുമരാമത്ത് വകുപ്പിന്റെ വെള്ളിപറമ്പ് ദേശത്ത് 26/1 പെട്ട 56 സെന്റ് ഭൂമിയിലാണ് സ്ഥലം കണ്ടെത്തിയിട്ടുള്ളത്. പൊതുമരാമത്ത് വകുപ്പിൽ നിന്നും NOC ലഭ്യമായിട്ടുണ്ടെങ്കിലും, ടി ഭൂമിയിൽ മുൻഭാഗത്ത് കുറെകാലമായി 8 കുടുംബങ്ങൾ കയ്യേറി താമസിക്കുന്നതിനാൽ ടി കുടുംബങ്ങളെ ഒഴിപ്പിക്കുകയോ അല്ലെങ്കിൽ പുനരധിവസിപ്പിക്കുകയോ ചെയ്യുന്ന നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ ടി വില്ലേജിന് കെട്ടിടം നിർമ്മിക്കാൻ സാധിക്കുകയുള്ളൂ. |
| (സി) | പ്രസ്തുത സ്ഥലങ്ങളിലെ സർക്കാരിന്റെ സ്ഥലം സ്വകാര്യ വ്യക്തികൾ കൈവശപ്പെടുത്തുന്നത് തടയാൻ എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | (B) യുടെ മറുപടി |

സെക്ഷൻ ഓഫീസർ